# ഇടശ്ശേരിയുടെ ഈടുവയ്പുകൾ

ഡോ. കവടിയാർ രാമചന്ദ്രൻ

കുററിപ്പുറത്തെ തറവാട്ടുവീടായ ഇടശ്ശേരിക്കളത്തിൽ ജനിച്ച് പൊന്നാനിക്കാരനായി ജീവിച്ച ഗോവിന്ദൻനായരുടെ ജന്മദിനം 1906 ഡിസംബർ 23-ാം തീയതി ഞായറാഴ്ചയായിരുന്നു. 2006 അദ്ദേഹത്തിന്റെ ശതാബ്ദിയായി സഹൃദയർ ആചരിച്ചു. 1974 ഒക്ടോബർ 16-ന് രാവിലെ ചായ കഴിച്ചുകൊണ്ടിരിക്കെ ഇടശ്ശേരി ഇഹലോകവാസം വെടിഞ്ഞു. മരിക്കുമ്പോൾ മഹാകവിക്ക് 68 വയസ്സ്. കവിത കുറിച്ചു തുടങ്ങിയത് പന്ത്രണ്ടാം വയസ്സിലെന്നു കണക്കാക്കുമ്പോൾ അരനൂററാണ്ടിലധികം വരുന്ന, കൃത്യമായിപ്പറഞ്ഞാൽ 56 കൊല്ലത്തെ കാവ്യസപര്യ, മുന്നൂറോളം കവിതകൾ.

സ്വാനുഭവങ്ങളിൽനിന്നാണ് കവിതകളിലധികവും ഇടശ്ശേരി എഴുതിയത്. വിശേഷിച്ചും കഥാകാവ്യങ്ങൾ. ചുററുപാടും കണ്ടതും കേട്ടതുമായ കാര്യങ്ങൾ അദ്ദേഹം കവിതയ്ക്കു വിഷയമാക്കി. കല്യാണപ്പുടവ, പെങ്ങൾ, നെല്ലുകുത്തുകാരി പാറുവിന്റെ കഥ, വിവാഹസമ്മാനം, തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, മകന്റെ വാശി തുടങ്ങിയ കവിതകളിലൊക്കെ ചുററുവട്ടത്ത് കണ്ടതിന്റെയും കേട്ടതിന്റെയും സ്വയം അനുഭവിച്ചറിഞ്ഞതിന്റെയും ചൂടും തിളക്കവും ഏറെയുണ്ട്. കൈയിലും കക്ഷത്തും ചുമന്നു നടന്ന കേസുകെട്ടുകളിലൂടെ ലോകത്തിൽ, തന്റെ മനസ്സിൽ നീറിപ്പുകഞ്ഞ മനുഷ്യജീവിത ദൈന്യങ്ങൾ ഇക്കവിതകളിലുണ്ട്. ജീവിതദുരിതങ്ങൾ വലിയ കഥാകാരന്മാരെക്കാൾ ചാതുര്യത്തോടെ കവിതയിലാക്കിയപ്പോൾ അവയ്ക്കൊക്കെയും ഇടശ്ശേരിയൻ ടച്ച് കൈവന്നു. അവയൊക്കെയും ഒരിക്കൽ വായിച്ചാൽ പിന്നെയൊരിക്കലും ഉള്ളിൽനിന്ന് മാഞ്ഞുപോകാത്തവയുമായി. ആ ഇടശ്ശേരിയൻ സ്പർശം- അതാണ്, ഇടശ്ശേരി കവിതകൾക്ക് തനിമയും പുതുമയും നൽകിയത്; അവയെ പകർപ്പില്ലാതാക്കിയത്.

"ഉയരുമീഗൃഹം നടന്നുകാണുമ്പോൾ ചിരിച്ചാലും കൊള്ളാം കയർത്താലും കൊള്ളാം; എനിക്കിതേ വേണ്ടൂ, പറഞ്ഞു പോകരുതിതു മററൊന്നിന്റെ പകർപ്പെന്നുമാത്രം."

എന്ന് പറയാനുള്ള ധൈര്യം കവിക്ക് പകർന്നുനൽകിയത് ഇടശ്ശേരി കവിതയുടെ തനിമ തന്നെയാണ്.

നാടകം, കഥ, കഥാകാവ്യങ്ങൾ വിവർത്തനങ്ങൾ, ചെറുഖണ്ഡകാവ്യങ്ങൾ, ഹിതവും പ്രിയവുമായി തീർന്ന ശാശ്വതകവിതകൾ, ഹിതമെങ്കിലും പ്രിയമാകാത്ത കവിതകൾ ഒക്കെക്കൂടിയ വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളും നിറഞ്ഞ ഒരു കാവ്യലോകം ഇടശ്ശേരി ഗോവിന്ദൻ നായർ നമുക്ക് സമ്മാനിച്ചു. ആദ്യകവിതയായി 'അഹല്യ' 1928-ൽ എഴുതി. അവസാനം എഴുതിയ കവിതയുടെ പേര് - 'ഒരുകത്ത്'. അതെഴുതിയത് 1974-ലാണ്. സാമൂഹിക നെറികേടുകളോടുള്ള എതിർപ്പും അതിലധിഷ്ഠിതമായ മനുഷ്യസ്നേഹവുമാണ് ഇടശ്ശേരി കവിതയിൽ കത്തിനിൽക്കുന്ന കരുത്തിന് നിദാനം. എന്നാൽ, കർഷവർഗത്തിന്റെയും അധ്വാനിക്കുന്ന തൊഴിലാളി വർഗത്തിന്റെയും അപോസ്തലനായി നിന്ന് വിപ്ലവകവിത എഴുതി സാമൂഹികശ്രദ്ധ പിടിച്ചുപററാനല്ല ഇടശ്ശേരി കാവ്യനിർമാണത്തിലേർപ്പെട്ടതെന്ന സത്യം 'ചകിരിക്കുഴികൾ' പോലുള്ള കവിതകൾ പറഞ്ഞുതരുന്നു.

'ഇക്കയർപണിയും സോദരിമാരുടെ ദുഃഖം പാടി നടപ്പൂ ഞാൻ. അവരുടെ കഷ്ടപ്പാടിൽ നേർക്കൊരു മിഴിനീർ നിങ്ങൾ പൊഴിക്കില്ലേ?"

എന്ന് ആത്മനൊമ്പരത്തോടെ കവി ചോദിക്കുന്നു. ചകിരി തൊഴിലാളികളുടെ കരവിരുതും ശില്പവൈഭവവുമൊക്കെ ചൂണ്ടിക്കാട്ടുന്ന ഇടശ്ശേരി അതോടൊപ്പം, നാറിച്ചീയുന്ന തൊണ്ടുകളെപോലെ തലമുറകളായി ചകിരിക്കുഴികളിൽ ജീവിതം ഹോമിക്കുന്നവരുടെ കഷ്ടജീവിതത്തെയും അനുഭവിപ്പിച്ചുകൊണ്ടാണ് കവിത അവസാനിപ്പിക്കുന്നത്. അമർത്തപ്പെട്ട ജനതയുടെ ദുരിതജീവിതത്തിന്റെ വാങ്മയങ്ങളാണവ. റിയലിസത്തിന്റെ കാവ്യലാവണ്യങ്ങൾ.

എതിർശക്തികളുടെ മുൻപിൽ ധൈര്യവീര്യങ്ങളോടെ ചൊടിച്ചുയർന്നുനിൽക്കുന്ന കരുത്തുള്ള കഥാപാത്രങ്ങളാണ് ഇടശ്ശേരിക്കവിതയിൽ നാം കണ്ടുമുട്ടുന്നത്. അതുകൊണ്ടുകൂടിയാണ് ഇടശ്ശേരിയുടെ രചനകൾക്ക് നല്ല മഴുവിന്റെയോ മടവാളിന്റെയോ മൂർച്ചയുണ്ടായത്. കാൽപനികപ്രണയം നട്ടുനനച്ച് വളർത്തിയ മിഥ്യാസങ്കൽപ്പത്തിന്റെ കടയ്ക്കൽ തന്നെ കവി ഹൃദയത്തിന്റെ മടവാളോങ്ങി വെട്ടുന്നതും കാണേണ്ടതാണ്. പ്രണയം രണ്ടു ജീവിതങ്ങളെ ബന്ധിക്കേണ്ട ശൃംഖലയാണ്. സഗൗരവമായ യാഥാർഥ്യബോധത്തോടെ അതിനെ സമീപിക്കാതിരുന്നാലുണ്ടാകുന്ന ആഘാതവും സമീപിച്ചാലുണ്ടാകുന്ന സുരക്ഷിതത്വവും ഇടശ്ശേരി സാക്ഷാത്കരിച്ചിട്ടുണ്ട്. കാര്യങ്ങളെ പ്രായോഗികമായി കാണുക എന്നല്ലാതെ, പ്രണയത്തിന്റെ പേരിൽ സ്വപ്നാടനം നടത്താൻ അദ്ദേഹം

തയാറല്ല. ഇത്തരം ശക്തമായ നിലപാടുകൾ ജീവിതത്തെ സുന്ദരമാക്കുന്നവയാണ്. അത് വ്യക്തമാക്കുന്ന കവിതയാണ് 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ'. ഈ മാതിരി രചനകൾ ഏറെ ഉണ്ടെങ്കിലും അക്കൂട്ടത്തിൽ എടുത്തുപറയേണ്ട മറെറാന്നാണ് 'പരിപൂർണതയിലേക്ക്' എന്ന ഈടുററ കവിത. ഇടശ്ശേരിയുടെ പല കല്പനകളും നാടനും നഗ്നവുമാണെങ്കിലും അവയുടെ ശക്തിയും സൗന്ദര്യവും സാഫല്യവും ഒന്നു വേറെതന്നെ.

പോംവഴി മറെറാരു വിധമായെങ്കിലെന്ന് പ്രാർഥിച്ച് നെഞ്ചിലെ നേരറിയിക്കുന്ന സത്യസന്ധരായ കവികളെയും ശ്രദ്ധേയരാകാൻവേണ്ടി വിപ്ലവകാഹളം മുഴക്കുന്ന പാതി അടഞ്ഞ കവികളെയും നാം കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ, ഇടശ്ശേരിയുടെ നിലപാടുകൾ ഉറച്ചതാണ്. ഉൺമ നിറഞ്ഞതാണ്, ശക്തവുമാണ്. പരസ്പര വിരുദ്ധമായ ഇസങ്ങൾ ഇടശ്ശേരിയെ സ്വാധീനിച്ചെങ്കിലും മാനവനിസത്തിൽ കവിഞ്ഞ് ഒരു പ്രത്യയശാസ്ത്രവും അദ്ദേഹത്തിന് പഥ്യമായില്ല. മനുഷ്യനുവേണ്ടി എന്തിനെയും പൊട്ടിയാട്ടാൻ, ഉപേക്ഷിക്കാൻ, ഈ കവിക്ക് യാതൊരു സന്ദേഹവുമില്ല. മനുഷ്യന്റെ ജീവിതപാതയിൽ ഇരുണ്ടഴൽ ചാററുന്നത് ഏതൊന്നാണോ അത് എത്ര മഹത്തരമെന്ന് കൊണ്ടാടിയിരുന്നതായാലും ശരി, അതിനെ മറയത്താക്കി വെളിച്ചത്തെ വരിക്കണമെന്ന കാര്യത്തിൽ ഇടശ്ശേരിക്ക് രണ്ടുപക്ഷമില്ല.

"വെളിച്ചം തൂകിടുന്നോളം പൂജാർഹം താനൊരാശയം അതിരുണ്ടഴൽ ചാറുമ്പോൾ പൊട്ടിയാട്ടുകതാൻ വരം."

എന്നിങ്ങനെ 'പൊട്ടിപുറത്ത്, ശീവോതി, അകത്ത്' എന്ന കവിതയിൽ കവി സുവ്യക്തമാക്കുന്നു.

"മുററത്തിനൻ പെരുമ്പായ വിരിച്ചു; തൊട്ട വീട്ടുകാർ ഉണക്കുന്നു വെടിമരു-ന്നെന്തേ, ഞാൻ നെല്ലുചിക്കണോ?"

എന്ന ചോദ്യം അതേ കവിതയിൽതന്നെ മുൻകൂട്ടി ഉന്നയിച്ച് സമസ്തം സുതാര്യമാക്കുന്നുമുണ്ട്. അയൽക്കാർ വെടിമരുന്ന് ഉണക്കുമ്പോൾ നാം നെല്ലു ചിക്കിക്കഴിഞ്ഞാൽ പോരെന്നും നമ്മുടെ രാജ്യത്തിന്റെ സുരക്ഷയ്ക്കായി അടരാടേണ്ടിവന്നാൽ അതിനാവശ്യമായ ആയുധം കൈവശം കരുതിയേ തീരൂ എന്നും ക്രാന്തദർശിതയോടെയാണ് നമ്മുടെ കവി കണ്ടറിഞ്ഞതെന്ന വസ്തുത ശ്രദ്ധേയമായതാണ്. കവി ചൂണ്ടിയിടത്തേക്കുതന്നെ നാം ചെന്നെത്തുകയും ചെയ്തുവല്ലൊ. ഇതുമാത്രമല്ല കരിനിയമങ്ങൾ മാററിമറിക്കാനുള്ള മാർഗങ്ങൾ വിപ്ലവമനസ്സുകളിൽ കുടിയേറും മുൻപുതന്നെ.

"അധികാരം കൊയ്യണമാദ്യം നാം അതിനു മേലാകട്ടെ പൊന്നാര്യൻ!"

എന്ന ദർശനം നൽകാൻ കഴിഞ്ഞത് ഇടശ്ശേരിക്കാരനായ ഈ കർഷകകവിക്കാണെന്ന വസ്തുത പുരോഗമനക്കാർ ഇന്നും ഓർമിക്കുന്നുണ്ടാവും.

അഹിംസാപ്രവാചകനായ ശ്രീബുദ്ധന്റെ കൽപ്രതിമ മർദകനായ നരിയുടെ പിടലിക്ക് മറിച്ചിട്ട് കൊല്ലണമെന്ന കാര്യത്തിലും തെല്ലും സംശയം ഇടശ്ശേരിക്കുണ്ടായില്ല. 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിലെ ഈ ഹിംസാപ്രോത്സാഹനം ഒരു അപവാദമായി കണക്കാക്കുന്നവരും വ്യാഖ്യാനിക്കുന്നവരുമുണ്ട്. അത് ശരിയല്ല. മനുഷ്യനെ സ്നേഹിക്കുന്ന, മനുഷ്യജീവിത പുരോഗതിക്കുതകുന്ന ഏത് ഇസവും മനുഷ്യന് ശക്തിപകരാൻ വേണ്ടി ഇടശ്ശേരി കവിതയാക്കിയിട്ടുണ്ട്. അത്രയേ ഉള്ളൂ. ഒരുപാട് ജീവിതങ്ങളുടെ നിലനിൽപ്പിനുവേണ്ടി ഒരു ഹിംസ കൂടിയേ കഴിയൂ എങ്കിൽ അങ്ങനെയാവട്ടെ എന്ന വിചാരമാണ് ഇവിടെ കവിയെ ഭരിച്ചത്. ക്രൂരനായ മൃഗത്തെ കൊന്നിട്ടായാലും ശരി, പാവപ്പെട്ട മനുഷ്യരുടെ പട്ടിണി മരണം ഒഴിവാക്കണം എന്നാണ് കവിയുടെ ശാഠ്യം. അതിൽ വിട്ടുവീഴ്ചയില്ല. അതിൽ വിശന്നുപൊരിയുന്ന വയറുമായി ആദർശവാനാകാൻ ആർക്കും സാധ്യമല്ലെന്ന ഗാന്ധിവചനവും ഒരുപക്ഷേ, ഇടശ്ശേരിയുടെ ശാഠ്യത്തിന് പ്രേരകമായിരുന്നിരിക്കാം.

"ഇടയുള്ളോർ വാദിപ്പിൻ മാർഗവും ലക്ഷ്യവു-മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ-"

ഇപ്രകാരമാണ് കവിയുടെ ഉപസംഹാരം. ശക്തനായ കവിക്കേ ഇങ്ങനെ ശഠനാകാൻ കഴിയൂ. എങ്കിലേ ശക്തമായ കവിതയും പിറക്കൂ. അപ്രകാരം ബലിഷ്ഠമാകുന്ന കവിതയ്ക്ക് ഒരു സൗന്ദര്യമുണ്ട്. ആരോഗ്യമുള്ള കവിതയുടെ സൗന്ദര്യം; മനുഷ്യപുരോഗതിയുടെ സൗന്ദര്യം!

യുക്തിസഹമായ ചിന്താപദ്ധതിക്ക് പ്രോത്സാഹനം കൊടുക്കുന്നവയാണ് പ്രശസ്തമായ പ്രത്യയശാസ്ത്രങ്ങൾ പലതും. എന്നാൽ, അവയിൽ ചിലവ വ്യക്തിസ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുകയോ പലപ്പോഴും ക്രൂരമായി ഹനിക്കുകയോ ചെയ്യുന്നവയാണ്. മതഗ്രന്ഥങ്ങളെ ചോദ്യം ചെയ്യുന്നത് നിരോധിച്ചിരുന്ന ചില പടിഞ്ഞാറൻ രാജ്യക്കാരെപ്പോലെയാണ് പ്രത്യയശാസ്ത്രവക്താക്കളിൽ പലരും ചോദ്യങ്ങളെയും നവാശയങ്ങളെയും വിലക്കി നിർത്തുന്നത്. ഗീതോപദേശത്തിന്റെ അന്ത്യത്തിൽ കൃഷ്ണൻ പറയുന്നത്, വിമർശനബുദ്ധിയോടെ ചിന്തിച്ച് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാനാണ്. ഈ കൃഷ്ണഹൃദയത്തോട് ഒരടുപ്പം ഇടശ്ശേരിക്കളത്തിൽ ഗോവിന്ദൻനായർക്കുണ്ട്.

ഗോപാലകർക്കിടയിൽ ജീവിച്ച് അവർക്കുവേണ്ടി പൊരുതിയവനാണ് അമ്പാടിയിലെ ഗോവിന്ദൻ. ഹിംസകരെ വധിക്കണം. നിഷ്ഠൂരതയെ എതിർക്കാനും അധികാരഗർവിന് നേരെ ആയുധമുയർത്താനും പഴഞ്ചൻ വിശ്വാസാചാരങ്ങളെ ചോദ്യം ചെയ്യാനും വിശ്വപ്രേമമെന്നത് പറഞ്ഞുതരാനുമാണ് കൃഷ്ണൻ ജീവിച്ചത്. മിത്ത് എന്ന നിലയിൽ കൃഷ്ണനും കൃഷ്ണകഥയുമൊക്കെ ഇടശ്ശേരിക്കവിതയിൽ സ്ഥാനം നേടുന്നതുകൂടാതെ മേൽപ്പറഞ്ഞ കൃഷ്ണദർശനങ്ങളെ ഉൾക്കൊള്ളുന്ന ചില പ്രധാന കവിതകളും ഗോവിന്ദൻനായർ എഴുതിയിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ച 'ബുദ്ധനും ഞാനും നരിയും', 'പൊട്ടിപുറത്ത് ശീവോതി അകത്ത്' എന്നിവ കൂടാതെ 'ബിംബിസാരന്റെ ഇടയൻ', 'തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' തുടങ്ങിയ നിരവധി കവിതകൾ അക്കൂട്ടത്തിൽപ്പെടുന്നു. ശ്രീകൃഷ്ണനിൽ ആത്മാർപ്പണം ചെയ്തുകൊണ്ട് ഒരു ദീർഘകാവ്യമെഴുതാൻ ഇടശ്ശേരി ആഗ്രഹിച്ചിരുന്ന കാര്യവും ഇവിടെ അനുസ്മരിക്കുന്നു. 'വീടാക്കടമോ കവിജന്മം' എന്ന ചോദ്യവും ഉയർന്നുവരുന്നു.

കൃഷ്ണപുരാവൃത്തം കടമെടുത്തെഴുതിയ 'വരദാനം' എന്ന കവിതയിലൂടെ, നിഷ്കളങ്കശക്തികളിൽനിന്നുണ്ടാകുന്ന മഹാദാനങ്ങൾക്ക് നിഷ്കിഞ്ചനർക്കുണ്ടാകുന്ന ജീവിതപീഡകളില്ലാതാക്കാനും ആതുരതയിൽനിന്ന് സമൂഹത്തെ രക്ഷപ്പെടുത്താനും സാധിക്കുമെന്ന് ഇടശ്ശേരി നമ്മെ പഠിപ്പിക്കുന്നു. പരസ്പരപൂരകമായ പ്രണയത്തിലൂടെ മാത്രമേ സ്ത്രീപുരുഷജീവിതം സഫലമാകൂ എന്ന സൂചനയും നൽകുന്നുണ്ട്. അധികമാരും തിരിഞ്ഞുനോക്കാതെപോയ കവിതയാണ് 'ഗോപികാ ഗോവിന്ദം'. അതിൽ,

"വേർപിരിയാതെ വേണ - മനുത്തമ - ജീവിതനാടകമാടീടാൻ"

എന്ന് ഗോപികാ-കൃഷ്ണന്മാർ ഒരുമിച്ചുപാടുന്ന ഭാഗമാണ് ആ കവിതയുടെ കാതൽ. 'അമ്പാടിയിലേക്ക് വീണ്ടും' എന്ന കവിതയിലെന്നപോലെ സ്ത്രീപുരുഷബന്ധത്തിന്റെ ഉദാത്തതയിലേക്കാണ് നായികനായകർ അനുവാചകരെ ക്ഷണിക്കുന്നത്. പ്രകൃതി-പുരുഷബന്ധത്തിന്റെ ഈാടും ഈാടുവയ്പും തന്നെയാണ് ചെറുശ്ശേരി മുതൽ തുടങ്ങി ഇടശ്ശേരിയിലെത്തുമ്പോഴും കവനതിരശ്ശീലയിൽ തെളിയുന്നത്.

രാമായണത്തെയും എഴുത്തച്ഛനെയും സ്മരരിച്ചുകൊണ്ട് സേവനവ്യഗ്രമായ കവിമനസ്സിനെ അനാവൃതമാക്കുന്ന മററൊരനശ്വര കവിതയാണ് 'ഹനുമൽ സേവ തുഞ്ചൻപറമ്പിൽ'.

"കണ്ണടച്ചിരുന്നെന്നും ജപിച്ചുകൊള്ളട്ടേ ഹാ, വിണ്ണു വേണ്ടവരെല്ലാം വിണ്ണിലേക്കെത്തും വരെ, എൻ ദുര, ചിരം ജീവിയാകുവാനല്ലോ, കനി-ഞ്ഞെങ്കൽച്ചേർത്താലും ഗുരോ, സേവനമന്ത്രാക്ഷരം."

മാനവസേവനത്തിലൂടെ ചിരംജീവിയാകുമെന്ന കവിയുടെ അടിയുറച്ച വിശ്വാസവും സഹൃദയമനസ്സിൽ ജീവിക്കാനുള്ള വ്യഗ്രതയും ഇവിടെ വെളിവാകുന്നു. രാമദാസൻ കവിപക്ഷത്തിലെത്തുമ്പോൾ മാനവദാസനാവുകയാണ്

ആത്മബലിയിലൂടെ വളരുന്ന സംഘബോധത്തിന്റെയും വ്യവസ്ഥകളെ മാററിപ്പണിയാനുള്ള ആവേശത്തിന്റെയും നവമൂല്യം ചാലകശക്തിയാകുന്ന കവിതയായാണ് 'പണിമുടക്കം'. രാഷ്ട്രീയമൂല്യചിന്തയ്ക്ക് വഴിമരുന്നിടുന്ന 'പുത്തൻകലവും അരിവാളും', 'കുടിയിറക്കൽ', 'അമ്പതുകൊല്ലം കൊണ്ടും' തുടങ്ങി നിരവധി കവിതകൾ ഇടശ്ശേരിയുടെ സാമൂഹ്യദർശനത്തെ പ്രകടമാക്കുന്നവയാണ്. വിപ്ലവം അതിന്റെ യഥാർഥ സ്വപ്നങ്ങളെ സാക്ഷാത്കരിച്ചിട്ടില്ലെന്നും കാലം ചെല്ലുന്തോറും വേലക്കാരുടെയും ഇല്ലായ്മക്കാരുടെയും പഴയ അവസ്ഥ തുടരുകയാണെന്നും കവി സൂചിപ്പിക്കുന്നു. ആത്മഹത്യകൾ നമ്മുടെ നാട്ടിൽ പെരുകിപ്പെരുകി വരുന്നു. 'ആത്മഹത്യയുടെ തലസ്ഥാന'മെന്നാണ് ലോകാരോഗ്യ സംഘടന നമ്മുടെ കേരളത്തിന് നൽകിയിരിക്കുന്ന വിശേഷണം. ജീവിതത്തിന്റെ മുക്കാൽപങ്കും ദുഃഖപൂരിതമാണെന്നും പ്രശ്നങ്ങളും പ്രതിസന്ധികളും മനുഷ്യജീവിതത്തെ എന്നും വേട്ടയാടിക്കൊണ്ടിരിക്കുമെന്നുമുള്ള പാഠം കവി നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

"എനിക്കു രസമീ നിമ്നോ-
ന്നതമാം വഴിക്കു തേരുരുൾ പായിക്കൽ,
ഇതേതിരുൾക്കുഴി മേലുരുളട്ടേ,
വിടില്ല ഞാനീ രശ്മികളെ."

എന്ന ഇടശ്ശേരിയൻ പാഠത്തിന്റേയും,

"ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാതെന്തിനു ജീവിത പലഹാരം."

എന്ന ജീവിതപുരോഗതിക്കുതകുന്ന വരികളുടെയും ഉള്ളെഴുത്തുകൾ ഉൾക്കൊള്ളുന്ന അനുവാചകൻ ഒരിക്കലും ആത്മഹത്യയ്ക്കൊരുങ്ങുകയില്ല. അതായത്, ദുരന്തചിന്തകളിൽനിന്നുപോലും മനുഷ്യനെ പിന്തിരിപ്പിക്കാൻ ശക്തമായ സാമൂഹികദർശനങ്ങളാണ് ഇടശ്ശേരിക്കവിത നമുക്ക് സമ്മാനിച്ചതെന്ന് ചുരുക്കം.